**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2314** **10.10. 2011-ൽ മറുപടിക്ക്.**

**കാഴ്ചബംഗ്ളാവുകളും മൃഗശാലകളും നവീകരിക്കാൻ പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി. | **കുമാരി പി.കെ. ജയലക്ഷ്മി**<br>(ബഹു: പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം കാഴ്ചബംഗ്ളാവുകളാണ് ഉള്ളത് എന്നും ഇവിടെ ഓരോ സ്ഥലത്തും എന്തെല്ലാം കാര്യങ്ങളാണ് ഉള്ളത് എന്നും വിശദമാക്കുമോ; | (എ) മ്യൂസിയം മൃഗശാല വകുപ്പിന്റെ കീഴിൽ ചുവടെ ചേർക്കുന്ന കാഴ്ചബംഗ്ളാവുകളാണുള്ളത്.<br><br>(1) ആർട്ട് മ്യൂസിയം ,തിരുവനന്തപുരം<br>(2) ആർട്ട് ഗ്യാലറി , തിരുവനന്തപുരം<br>(3) നാച്ച്വറൽ ഹിസ്റ്ററി മ്യൂസിയം,തിരുവനന്തപുരം<br>(4) കെ.സി. എസ്. പണിക്കർ ഗ്യാലറി , തിരുവനന്തപുരം<br>(5) ശ്രീചിത്രാ എൻക്ലേവ്, തിരുവനന്തപുരം<br>(6) ആർട്ട് മ്യൂസിയം & മൾട്ടിപർപ്പസ് മ്യൂസിയം, തൃശ്ശൂർ<br>(7) ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയം, കോഴിക്കോട്<br><br>(1) <u>ആർട്ട് മ്യൂസിയം, തിരുവനന്തപുരം</u><br>കല,സാംസ്കാരിക പൈതൃകം എന്നിവ വിളിച്ചോതുന്ന പുരാവസ്തുക്കൾ പ്രദർശിപ്പിച്ചിരിക്കുന്നു.<br><br>(2) <u>ആർട്ട് ഗ്യാലറി, തിരുവനന്തപുരം</u><br>രാജാരവിവർമ്മ, രവീന്ദ്രനാഥടാഗോർ,അബേന്ദ്രനാഥ് ടാഗോർ, ഗഗനേന്ദ്ര ടാഗോർ, നന്ദലാൽ ബോസ്, ദേവിപ്രസാദ്, റോയ്ചൗധരി, നിക്കോളാസ് റോറിച്ച്, സ്വെറ്റാസ്ലോവ് റോറിച്ച് മുതലായ ഐതിഹാസികന്മാരായ ചിത്രകാരന്മാരുടെ രചനകൾ പ്രദർശിപ്പിച്ചിട്ടുണ്ട്.<br><br>(3)<u>നാച്ച്വറൽ ഹിസ്റ്ററി മ്യൂസിയം, തിരുവനന്തപുരം</u><br>ജീവജാലങ്ങളെ കുറിച്ചും പ്രകൃതി ചരിത്രത്തെക്കുറിച്ചുമുള്ള വസ്തുക്കൾ പ്രദർശിപ്പിച്ചിരിക്കുന്നു.<br><br>(4) <u>കെ.സി.എസ്. പണിക്കർ ഗ്യാലറി, തിരുവനന്തപുരം</u><br>ഭാരതത്തിന്റെ സമകാലീന ചിത്രകാരനായ കെ.സി.എസ്. പണിക്കരുടെ പ്രധാന രചനകൾ പ്രദർശിപ്പിച്ചിരിക്കുന്നു. |

(5) <u>ശ്രീ ചിത്രാ എൻക്ലേവ്, തിരുവനന്തപുരം</u>

തിരുവിതാംകൂറിന്റെ ചരിത്രത്തിലെ സുപ്രധാന ഏടുകൾ ചിത്രീകരിച്ചിട്ടുള്ള ചുമർ ചിത്രങ്ങളും, ശ്രീ. ചിത്തിരതിരുനാൾമഹാരാജാവിന്റെ സ്വകാര്യ ശേഖരത്തിൽ നിന്നുള്ള വസ്തുക്കളും, നവരാത്രി ഘോഷയാത്രയ്ക്ക് ഉപയോഗിച്ചിരുന്ന സുവർണ്ണരഥവുമാണ് ശ്രീചിത്രാ എൻക്ലേവിൽ പ്രദർശിപ്പിച്ചിട്ടുള്ളത്.

(6)ആർട്ട് മ്യൂസിയം ആന്റ് മൾട്ടി പർപ്പസ് മ്യൂസിയം തൃശ്ശൂർ.

കല, സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട പുരാവസ്തുക്കൾ പ്രദർശിപ്പിച്ചിരിക്കുന്നു.

(7) <u>ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയം കോഴിക്കോട്.</u>

ഭാരതത്തിലെ ആദ്യത്തെ പ്രതിരോധ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ.വി. കെ. കൃഷ്ണമേനോൻ ഉപയോഗിച്ചിരുന്ന വസ്തുക്കളും രാജാരവിവർമ്മയുടേത് ഉൾപ്പെടെയുള്ള പ്രശസ്ത ചിത്രകാരന്മാരുടെ പെയിന്റിംഗുകളും പ്രദർശിപ്പിച്ചിട്ടുണ്ട്.

(ബി) ഓരോ മൃഗശാലയിലും ഏതെല്ലാം മൃഗങ്ങളും പക്ഷികളുമാണ് ഉള്ളത് എന്നും അവ ഓരോന്നും എത്ര വീതം ഉണ്ടെന്നും വിശദമാക്കുമോ;

(ബി) <u>തിരുവനന്തപുരം മൃഗശാല</u>

ആകെ പക്ഷികൾ 56 ഇനങ്ങളിലായി 171 എണ്ണം
ആകെ ഉരഗങ്ങൾ 12 ഇനങ്ങളിലായി 54 "
ആകെ സസ്തനികൾ 28 ഇനങ്ങളിലായി 346 "
ആകെ 96 വിഭാഗങ്ങൾ 571 എണ്ണം

<u>തൃശ്ശൂർ മൃഗശാല</u> - 379 എണ്ണം
ആകെ പക്ഷികൾ 58 എണ്ണം
ആകെ ഉരഗങ്ങൾ 23 എണ്ണം
ആകെ സസ്തനികൾ 298 എണ്ണം
(വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.).

സി) കാഴ്ചബംഗ്ളാവും മൃഗശാലയും സന്ദർശിക്കുന്നവരുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചു വരുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

സി) കാഴ്ചബംഗ്ളാവും മൃഗശാലയും സന്ദർശിക്കുന്നവരുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ച് വരുന്നുണ്ട്. ഓണം, ക്രിസ്തുമസ്, തുടങ്ങിയ സീസണിൽ ഓരോ വർഷവും വിദേശിയരുൾപ്പെടെയുള്ള സന്ദർശകരുടെ എണ്ണം വർദ്ധിച്ച് വരുകയാണ്. റവന്യൂ വരുമാനത്തിന്റെ വർദ്ധനവ് ഇക്കാര്യം സൂചിപ്പിക്കുന്നു.

| | |
|---|---|
| 2006-2007 | 1,02,83,787 |
| 2007-2008 | 80,93,798 |
| 2008-2009 | 1,36,70,808 |
| 2009-2010 | 1,74,71,942 |
| 2010-2011 | 1,55,38,151 |
| 2011-2012 (30.09.2011 വരെ) | 1,02,35,108 |

2007-2008-ൽ മൃഗശാലയിലെ മൃഗങ്ങൾക്ക് കുളമ്പ് രോഗം ബാധിച്ചിരുന്നതിനാലും മൃഗശാല അടച്ചിട്ടിരുന്നതിനാലും 2010-2011-ൽ നവീകരണ പണികൾക്കായി മ്യൂസിയങ്ങൾ അടച്ചിട്ടിരുന്നതിനാലും വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | കാഴ്ചബംഗ്ളാവുകളും മൃഗശാലകളും കൂടുതൽ ആകർഷകമാക്കാനും നവീകരിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | മ്യൂസിയങ്ങളും മൃഗശാലകളും കൂടുതൽ ആകർഷകമാക്കാനും നവീകരിക്കാനും ഉദ്ദേശിക്കുന്നു. മൃഗശാലയിൽ പക്ഷികൾക്കായുള്ള ആവാസകേന്ദ്രത്തിന്റെ (Aviary) നിർമ്മാണത്തിനും കേന്ദ്രമൃഗശാല അതോറിറ്റിയുടെ നിബന്ധനകൾക്ക് വിധേയമായി പരിബന്ധനങ്ങൾ നിർമ്മിക്കുകയും നവീകരിക്കുകയും ചെയ്യുന്നു. മ്യൂസിയങ്ങൾ കൂടുതൽ ആകർഷകമാക്കുന്നതിന്റെ ഭാഗമായി ആർട്ട് മ്യൂസിയത്തിലെ പ്രദർശന വസ്തുക്കൾ കൺസർവേഷൻ നടത്തി ഡിസ്പ്ളെ രീതി ആധുനികവൽക്കരിക്കുന്നതാണ്. പ്രശസ്ത സമകാലീന ചിത്രകാരനായ കെ.സി.എസ്. പണിക്കരുടെ രചനകൾ പ്രദർശിപ്പിച്ചിട്ടുള്ള ഗ്യാലറി നവീകരിക്കുകയും ചിത്രങ്ങൾ കൺസർവേഷൻ നടത്തുന്നതുമാണ്.<br>ലോക പ്രശസ്ത ചിത്രകാരനായ രാജാരവിവർമ്മയുടേത് ഉൾപ്പെടെയുള്ള പ്രശസ്ത ചിത്രകാരന്മാരുടെ രചനകൾ പ്രദർശിപ്പിക്കുന്നതിന് തിരുവനന്തപുരത്ത് പുതിയ ആർട്ട് ഗ്യാലറി കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്. കൂടാതെ ഈ വകുപ്പിന്റെ കീഴിൽ 1975-ൽ കോഴിക്കോട് ആരംഭിച്ച വി.കെ. കൃഷ്ണമേനോൻ മ്യൂസിയം ആന്റ് ആർട്ട് ഗ്യാലറിയുടെ വികസനത്തിനായി പുതിയ കെട്ടിടം നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്